# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 331 07.08.2017 — ൽ മറുപടിക്ക്

## റേഷൻ കാർഡ് മുൻഗണന മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. ടി. വി. ഇബ്രാഹിം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ശതമാനം പൂർത്തിയായി; ഏത് തീയതിയ്ക്ക് വിതരണം പൂർണ്ണമാക്കാൻ സാധിക്കും എന്നറിയിക്കാമോ ; | (എ) പൂർത്തിയായി വരുന്നു. 84 ശതമാനം കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 15.08.2017 തീയതിയോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | റേഷൻ കാർഡിലെ മുൻഗണന നിശ്ചയിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; | (ബി) യും (സി) യും സർക്കാർ ഉത്തരവ് (കൈ) നം.112/12/ത.സ്വ.ഭ.വ തീയതി 27.04.12, സർക്കാർ ഉത്തരവ് (കൈ) നം.16/2011/ത.സ്വ.ഭ.വ, തീയതി 14.01.11 എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ആകെ 15480040 ഗുണഭോക്താക്കളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിയമം അനുശാസിക്കുന്നുണ്ട്. മാനദണ്ഡപ്രകാരം തയ്യാറാക്കിയ പട്ടിക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിന് നൽകിയിരുന്നു. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച മുൻഗണനാ പട്ടികയനുസരിച്ചാണോ കാർഡുകളിൽ മുൻഗണന നിശ്ചയിച്ചതെന്ന് അറിയിക്കാമോ ; | |
| (ഡി) | മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ആളുകളെ ഉൾപ്പെടുത്തുന്നതിന് പരിഹാരമാർഗ്ഗങ്ങൾ എന്തെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ട് 5,14,103 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിലേയ്ക്കായി താലൂക്ക് സപ്ലൈ ഓഫീസ് തലത്തിലും റേഷൻകട തലത്തിലും ക്രോഡീകരിക്കുന്ന നടപടികൾ നടന്നുവരുന്നു. |

*സെക്ഷൻ ഓഫീസർ*